19/1/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 44(2)/2020/എസ്.ഐ.സി.**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **295/എസ്.ഐ.സി-ജി 6/2020**)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. സുരേന്ദ്രദാസ് വെട്ടിയാർ,
ഹരിമന്ദിരം,
വെട്ടിയാർ (പി.ഒ),
മാവേലിക്കര,
പിൻ - 690 558.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ & സബ്ബ് രജിസ്ട്രാർ, സബ്ബ് രജിസ്ട്രാർ ആഫീസ്, മാവേലിക്കര.
2. അപ്പീൽ അധികാരി & ജില്ലാ രജിസ്ട്രാർ(ജനറൽ), ആലപ്പുഴ - 688 001.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 26.07.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 02.08.2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 14.08.2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 23.09.2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 23.12.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 06.01.2020 |
| ഹിയറിംഗ് നടന്ന തീയതി | 06.08.2021 - ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. സുരേന്ദ്രദാസ് വെട്ടിയാർ 23.12.2019 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 06.01.2020 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No. 44(2)/2020/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും, തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 26.07.2019 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

1. 13/12/1993-ൽ ഗംഗാധരൻ പിള്ള, കോട്ടപ്പുറത്ത്, വെട്ടിയാർ എന്ന കക്ഷിയിൽ നിന്നും രാധാകൃഷ്ണക്കുറുപ്പ്, രാധാകൃഷ്ണ ഭവനം, വെട്ടിയാർ എന്ന കക്ഷി വിലയാധാരമായി വാങ്ങിയ ആധാര നമ്പർ-3225, വാല്യം-728 എന്ന ആധാരത്തിന്റെ പകർപ്പ് ലഭ്യമാക്കണമെന്നും
2. ടി ആധാരത്തിന്റെ(01-നമ്പർ ചോദ്യത്തിലെ) മുൻ പ്രമാണത്തിന്റെ പകർപ്പ് ലഭ്യമാക്കണമെന്നും
3. 26/10/2009-ൽ രാജേഷ് കുമാർ, സ്മിതാഭവനം, വെട്ടിയാർ എന്ന കക്ഷി വിലയാധാരമായി വാങ്ങിയ ആധാര നമ്പർ 2708/2009, വാല്യം-1237, പേജ് നമ്പർ 379-81 എന്ന ആധാരത്തിന്റെ പകർപ്പ് ലഭ്യമാക്കണമെന്നും
4. 1087-ലെ 1864-ാം നമ്പർ എഴുതിപ്പിടിപ്പിച്ച ഉടമ്പടി പ്രകാരം 4-ാം നമ്പർ പട്ടിക വസ്തുവിന്റെ ആധാരത്തിന്റെ പകർപ്പ് ലഭ്യമാക്കണമെന്നും
5. 1115-ലെ 1963-ാം നമ്പർ, പുസ്തകം-1, വാല്യം - 21, പേജ്-87 മുതൽ 90 വരെയുള്ള ആധാരത്തിന്റെ പകർപ്പ് ലഭ്യമാക്കണമെന്നും
6. 1965-ലെ 133-ാം നമ്പർ ആധാരം ഭാഗ ഉടമ്പടി വാല്യം-317, പുസ്തകം-1, പേജ്-118 മുതൽ 124 വരെയുള്ള ആധാരത്തിന്റെ പകർപ്പ് ലഭ്യമാക്കണമെന്നും
7. 1112-ലെ 1262-ാം നമ്പർ വിലയാധാരം, പുസ്തകം-1, വാല്യം-11, പേജ് 184 മുതൽ 185 വരെയുള്ള ആധാരത്തിന്റെ പകർപ്പ് ലഭ്യമാക്കണമെന്നും
8. 1959-ലെ 2492-ാം നമ്പർ ഉടമ്പടി പുസ്തകം-1, വാല്യം-156, പേജ്-384 മുതൽ 391 വരെയുള്ള ആധാരത്തിന്റെ പകർപ്പ് ലഭ്യമാക്കണമെന്നും എന്നും മറ്റുമായി 15 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

4. 02.08.2019 തീയതി ഒന്നാം എതിർകക്ഷി ഹർജിക്കാരന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്, 1 മുതൽ 12 വരെയുള്ള ഇനങ്ങൾ ആധാരങ്ങളുടെ പകർപ്പുമായി ബന്ധ

പ്പെട്ടവയാണെന്നും അത് ടി ആഫീസിൽ നിന്ന് നൽകി വരുന്ന സേവനമാണ് അതിലേയ്ക്കായി രജിസ്ട്രേഷൻ നിയമങ്ങൾ പ്രകാരം (105+210) എന്നീ ക്രമത്തിൽ ഫീസ് ഒടുക്കേണ്ടതായിട്ടുണ്ടെന്നും ആയതിനാൽ നിശ്ചിത ഫീസ് ഒടുക്കി ഈ ഓഫീസിൽ നിന്ന് ടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നും 13 മുതൽ 14 വരെയുള്ള വിവരങ്ങൾ വെട്ടിയാർ വില്ലേജ് ഇപ്പോൾ ഈ ആഫീസിന്റെ പരിധിയിലല്ലെന്നും 05.01.2019 മുതൽ ടി വില്ലേജ് ചെറിയനാട് സബ്ബ് രജിസ്ട്രാർ ഓഫീസിന്റെ കീഴിലാണ് എന്നും സർവ്വേ നമ്പർ മാത്രം പറഞ്ഞ് പകർപ്പുകൾ ലഭ്യമാക്കുവാൻ സാധിക്കുകയില്ലെന്നും, വെട്ടിയാർ വില്ലേജ് ടി ആഫീസ് പരിധിയിലുള്ള സമയം ഇവിടെയും ചെറിയനാട് ആഫീസിലുള്ള സമയം അവിടെയും ബാദ്ധ്യതാ സർട്ടിഫിക്കറ്റിന്റെ രജിസ്ട്രേഷൻ നിയമപ്രകാരമുള്ള ഫീസടച്ച് അപേക്ഷിച്ചാൽ ടി സർവ്വേ നമ്പരിൽ നടന്നിട്ടുള്ള ആധാരങ്ങളുടെ വിവരങ്ങൾ ലഭിയ്ക്കുന്നതാണെന്നും അതിൽ നിന്ന് ടിയാനു ആവശ്യമുള്ള ആധാരങ്ങളുടെ പകർപ്പുകൾക്ക് രജിസ്ട്രേഷൻ നിയമം പ്രകാരമുള്ള ഫീസടച്ച് ലഭ്യമാക്കാവുന്നതാണെന്നുമാണ്. ചോദ്യം 15-നു റവന്യു രേഖകളുടെ വിവരങ്ങൾ ടി ഓഫീസിൽ ലഭ്യമല്ലെന്നും രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ആധാരങ്ങളുടെയും അനുബന്ധ രേഖകളുമാണ് ടി ആഫീസിൽ ഉള്ളത് എന്നും മറ്റുമാണ്.

5. അപ്പീൽ ഹർജിക്കാരൻ 14.08.2019-ന് രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ ഹർജി സമർപ്പിക്കുകയും 23.09.2019-ന് രണ്ടാം എതിർകക്ഷി അതിന് മറുപടി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

6. വിവരാവകാശ നിയമത്തിലെ 7(5) വകുപ്പ് പ്രകാരം അപേക്ഷകൻ ആവശ്യപ്പെടുന്ന പകർപ്പുകൾക്ക് ഈടാക്കേണ്ട ഫീസ് ന്യായമായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരം തന്നെ റിട്ട് പെറ്റീഷൻ (സിവിൽ) നമ്പർ 194/2012-ലെ 20/03/2018-ലെ വിധിയിൽ ബഹു. സുപ്രീം കോടതി വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകളിൽ സാധാരണയായി 50/- രൂപയിൽ കൂടുതൽ ഫീസ് ഈടാക്കരുതെന്നും വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെടുന്ന രേഖകൾക്ക് പേജൊന്നിന് 5/- രൂപയിൽ കൂടുതൽ ഈടാക്കരുതെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെടുന്ന രേഖകൾക്ക് ബന്ധപ്പെട്ട വകുപ്പോ അധികാര സ്ഥാപനമോ നിശ്ചയിച്ചിട്ടുള്ള ഫീസ് ഈടാക്കാൻ പാടുള്ളതല്ലെന്നും വിവരാവകാശ നിയമപ്രകാരമുള്ള ഫീസേ ഈടാക്കാവൂ എന്നും WP(C) 18118/2017 നമ്പർ കേസിൽ ബഹു. കേരള ഹൈക്കോടതിയുടെ 06/06/2017-ലെ വിധിയിലും വ്യക്തമാക്കിയിട്ടുള്ളതാണ്. വിവരാവകാശ നിയമപ്രകാരം എ4 സൈസിലുള്ള പേജൊന്നിന് 3/- രൂപ മാത്രമാണ് ഈടാക്കേണ്ടതെന്ന്

Kerala Right to Information (Regulation of Fee & Cost Rules), 2006-ൽ പ്രസ്താവിച്ചിട്ടുള്ള സാഹചര്യത്തിൽ, സാധാരണയായി അപേക്ഷകരിൽ നിന്നും ഈടാക്കുന്ന ഉയർന്ന നിരക്കിലുള്ള തുക ഈടാക്കാൻ വിവരാവകാശ നിയമപ്രകാരം സാധിക്കുകയുമില്ല. ആവശ്യപ്പെട്ട രേഖ എ4 സൈസിലുള്ളതാണെങ്കിൽ ആയതിന് പേജൊന്നിന് 3/- രൂപയും എ4 സൈസിന് മുകളിലാണെങ്കിൽ പേജൊന്നിന് യഥാർത്ഥത്തിൽ ഫോട്ടോ കോപ്പി എടുക്കുന്നതിന് ചെലവാകുന്ന തുകയാണ് വിവരാവകാശ നിയമപ്രകാരം ഈടാക്കേണ്ടത്. ഈ വിഷയത്തിൽ വിവിധ സർക്കാർ വകുപ്പുകൾ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷകളിൽ സാധാരണയായി മറ്റു സാഹചര്യങ്ങളിൽ ഈടാക്കുന്ന ഫീസ് ഒടുക്കുവാൻ നിർദ്ദേശിക്കുന്നതായി കണ്ടു വരുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ വ്യക്തതയുള്ള ഒരു നിർദ്ദേശം സർക്കാർ തലത്തിൽ പുറപ്പെടുവിക്കേണ്ടതാണെന്ന് എ.പി. 2281(1)/2018/എസ്.ഐ.സി നമ്പർ അപ്പീൽ ഹർജിയിൽ 04/12/2019-ന് കമ്മീഷൻ ഉത്തരവായിട്ടുള്ളതാണ്. കൂടാതെ ബഹു. സുപ്രീം കോടതി WP(C) 194/2012 നമ്പർ കേസിലെ 20/03/2018-ലെ വിധിയിൽ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെടുന്ന രേഖകൾക്ക് പേജൊന്നിന് 5/- രൂപയിൽ കൂടുതൽ ഈടാക്കരുതെന്നും അപ്രകാരം കൂടുതൽ ഫീസ് ഈടാക്കുന്ന ചട്ടങ്ങൾ ഭേദഗതി ചെയ്യാവുന്നതാണെന്നും ഉത്തരവായിട്ടുണ്ട്.

2019 ഏപ്രിൽ 11-ലെ ബഹു. സുപ്രീം കോടതിയുടെ Institute of Companies Secretaries of India Vs. Paras Jain (CA No. 5665 of 2014) എന്ന വിധിയിൽ പ്രതിപാദിച്ചിട്ടുള്ളത്:

4. The short issue before us is when the answer scripts of appellant's examination is sought whether the fee prescribed under Rule 4 of the Right to Information (Regulation of Fee and Cost) Rules, 2005 payable or that under Guideline No. 3 of the Guideline, Rules and Procedures for Providing Inspection and/or Supply of Certified Copy(ies) of Answer Book(s) to Students, framed by the Examination Committee of appellant's statutory Council at its 148th Meeting held on 14.08.2013.

10. Thus it is clear that the avenue for seeking certified copies as well as inspection is provided both in the Right to Information Act as well as the statutory guidelines of the appellant.

12. Be that as it may, Guideline no.3 of the appellant does not take away from Rule 4, The Right to Information (Regulation of Fees and Cost) Rules, 2005 which also entitles

the candidates to seek inspection and certified copies of their answer scripts. In our opinion, the existence of these two avenues is not mutually exclusive and it is up to the candidate to choose either of the routes. Thus, if a candidate seeks information under the provisions of the Right to Information, then payment has to be sought under the Rules therein, however, if the information is sought under the Guidelines of the appellant, then the appellant is at liberty to charge the candidates as per its guidelines.

ആയതിനാലാണ് ഇക്കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകൾക്ക് വ്യക്തമായ നിർദ്ദേശം നൽകുന്നതിനായി 04/02/2019-ലെ എ.പി. 2281(1)/18/എസി.ഐ.സി നമ്പർ ഉത്തരവ് പ്രകാരം കമ്മീഷൻ പൊതുഭരണ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്.

7. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും, ഇരുകക്ഷി കളെയും കേട്ടതിലും, നിലവിൽ വിവരാവകാശ നിയമപ്രകാരം നിശ്ചയിച്ച ഫീസ് മാത്രമേ ഈടാക്കാവൂ എന്നതിനാൽ വിവരാവകാശ നിയമം സെക്ഷൻ 7(6) പ്രകാരം ഹർജിക്കാരനു സൗജന്യമായി മുഴുവൻ രേഖകളും നൽകേണ്ടതാണ് എന്നു നിർദ്ദേശിച്ചുകൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2022 ഡിസംബർ 13-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

AV